പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2080    23.03.2012 ൽ മറുപടിയ്ക്ക്

മൂലമറ്റം പവർഹൗസ് അപകടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മൂലമറ്റം പവർഹൗസിൽ തീപിടിത്തവും പൊട്ടിത്തെറിയും ഉണ്ടായത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) ഉണ്ട്.<br>ഇത് സംബന്ധിച്ച് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവരുടെ അന്വേഷണ റിപ്പോർട്ടുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) തീപിടിത്തവും പൊട്ടിത്തെറിയും ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ മുൻകരുതൽ സ്വീകരിച്ചിരുന്നില്ലെന്ന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ അറിയിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ ഇലക്ട്രിക് സംവിധാനങ്ങൾ കൈകാര്യം ചെയ്യുന്നതിനും റിപ്പയർ ചെയ്യുന്നതിനും വേണ്ടത്ര പരിചയവും പരിശീലനവുമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിലും തീ പടരുന്നത് തടയുന്നതിനുള്ള സംവിധാനം, സ്വയം നിയന്ത്രിതമായി പ്രവർത്തിക്കുന്ന അഗ്നിശമന സംവിധാനം, തീയും പുകയും പെട്ടെന്ന് തിരിച്ചറിയാൻ കഴിയുന്ന സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിലും പവർഹൗസിന്റെ എല്ലാ വശങ്ങളിൽ നിന്നും തീയണയ്ക്കാൻ സാദ്ധ്യമാകുന്ന വാതായനങ്ങൾ സജ്ജമാക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാൻ ഏതെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കേണ്ടതെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ; | (സി) ഇല്ല |
| (ഡി) പൊട്ടിത്തെറിമൂലം ഖജനാവിനുണ്ടായ നഷ്ടം എത്ര; | (ഡി) പൊട്ടിത്തെറിയെ തുടർന്നുള്ള പുനരുദ്ധാരണത്തിന് ഏകദേശം 2,51,18,194/- രൂപ ചെലവായിട്ടുണ്ട്. |
| (ഇ) തീപിടുത്തത്തിലും പൊട്ടിത്തെറിയിലും മരിച്ച അസിസ്റ്റന്റ് എഞ്ചിനീയർ മെറിൻ ഐസക്, | (ഇ) അസിസ്റ്റന്റ് എൻജിനീയർ മെറിൻ |

സബ് എഞ്ചിനീയർ കെ.എസ്.പ്രഭ എന്നിവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഐസക്കിന്റെ കുടുംബത്തിന് 33,80,462/- രൂപയും സബ് എൻജിനീയർ കെ.എസ്.പ്രഭയുടെ കുടുംബത്തിന് 32,43,391/- രൂപയും നഷ്ടപരിഹാരമായി നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | അസിസ്റ്റന്റ് എൻജിനീയർ മെറിൻ ഐസക്ക് (രൂപ) | സബ് എൻജിനീയർ കെ.എസ്.പ്രഭ (രൂപ) |
|---|---|---|---|
| 1. | ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം | 8,00,000 | 8,00,000 |
| 2. | വെൽഫയർ ഫണ്ട് | 5,00,000, | 5,00,000 |
| 3. | എക്സ്ഗ്രേഷ്യ | 8,54,280 | - |
| 4. | വർക്ക്മെൻ കോമ്പൻസേഷൻ | - | 6,39,200 |
| 5. | സംസ്ഥാന സർക്കാരിന്റെ ധനസഹായം | 5,00,000, | 5,00,000, |
| 6. | കെ.എസ്.ഇ.ബിയുടെ ധനസഹായം | 5,00,000 | 5,00,000 |
| 7. | ആശുപത്രി ചെലവുകൾ (മരണാനന്തര ചെലവുകൾ ഉൾപ്പെടെ) | 2,26,182 | 3,04,191 |
| | ആകെ | 33,80,462 | 32,43,391 |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.